സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

07/2014 ലെ പെൻഷൻ പരിഷ്ക്കരണ കുടിശ്ശിക ഒറ്റതവണയായി നൽകുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 516/16/Est-1** നന്തൻകോട്, **14/3/2017**

---

പരാമർശം :- 1) 04-2-2017 ലെ മേൽ നമ്പർ ഉത്തരവ്.

2) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 21-2-2017 ലെ DA 1069/16/E4 നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ ജോലി നോക്കി പെൻഷൻ പറ്റി പിരിഞ്ഞ എസ്റ്റാബ്ലിഷ്മെന്റ്/ക്ഷേത്ര ജീവനക്കാർക്ക് 01-07-2016 ലെ മേൽ നമ്പർ ഉത്തരവ് പ്രകാരം നാല് ഗഡുക്കളായി നൽകേണ്ടുന്ന പെൻഷൻ കുടിശ്ശികയും DCRG യും കമ്മ്യൂട്ടേഷൻ തുകയും ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒറ്റതവണയായി നൽകുന്നതിന് അനുവദിച്ച് ബോർഡുത്തരവായി (പരാമർശം -1). ടി ഉത്തരവിൽ അവ്യക്തത പരിഹരിക്കുന്നത് സംബന്ധിച്ച് ലഭിച്ച പരാമർശം 2 റിപ്പോർട്ട് ലഭിച്ചു. പരാമർശം 1 ഉത്തരവിലെ അവസാന പാരഗ്രാഫ് 'തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ ജോലി നോക്കി പെൻഷൻപറ്റി പിരിഞ്ഞ എസ്റ്റാബ്ലിഷ്മെന്റ്/ക്ഷേത്ര ജീവനക്കാർക്ക് 01-07-2016 ലെ മേൽ നമ്പർ ഉത്തരവ്പ്രകാരം നാല് ഗഡുക്കളായി നൽകേണ്ടുന്ന പെൻഷൻ കുടിശ്ശികയും ഡി.സി.ആർ. ഗ്രാറ്റുവിറ്റിയും കമ്മ്യൂട്ടേഷൻ തുകയും ഒറ്റത്തവണയായി നൽകുന്നതിന് അനുവദിച്ച് ബോർഡുത്തരവാകുന്നു' എന്നത് "അധിക പലിശ ഉൾപ്പെടെ നൽകേണ്ടുന്ന ആനുകൂല്യങ്ങൾ മാത്രം ഒറ്റതവണയായി നൽകുന്നതിന് അനുവദിച്ചു" എന്ന് ഭേദഗതി വരുത്തി ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)

സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ആഫീസ് മേധാവികൾക്കും
2. ഇ.ഡി.പി. സെക്ഷൻ
3. അക്കൗണ്ട്സ് സെക്ഷൻ, ബോർഡ് ആഫീസ്
4. പെൻഷൻ സെക്ഷൻ, ബോർഡ് ആഫീസ്
5. സെക്ഷൻ ഫയൽ
6. ഫയൽ ബുക്ക്
7. ഫെയർ ഓഫീസ് കോപ്പി

SK